# മയ്യിത്ത് നമസ്കാരം

മരണപ്പെട്ട ആളുടെ ഗുണത്തിനു വേണ്ടി ബാക്കിയുള്ളവർ ചെയ്യുന്ന മഹത്തായ ഒരു കർമമാകുന്നു മയ്യിത്ത് നമസ്കാരം. അതിന്റെ മുഖ്യമായ വശം മയ്യിത്തിനുവേണ്ടിയുള്ള പ്രാർഥനയാണ്.

മയ്യിത്ത് നമസ്കാരത്തിന്റെ ഫർദുകൾ താഴെ വിവരിക്കുന്നു.

1. നിയ്യത്ത്. ഇന്ന മയ്യിത്തിനു വേണ്ടിയുള്ള നമസ്കാരം നിർവഹിക്കുന്നുവെന്ന് കരുതുക.

2. നില്ക്കാൻ സാധിക്കുന്നവർ നില്ക്കുക.

3. നമസ്കാരത്തിൽ പ്രവേശിക്കുവാനുള്ള തക്ബീർ ഉൾപ്പെടെ നാലു തക്ബീർ ചൊല്ലുക.

4. ഒന്നാമത്തെ തക്ബീറിന്റെ ശേഷം സൂറത്തുൽ ഫാത്തിഹ ഓതുക. രണ്ടാം തക്ബീറിനു ശേഷം സ്വലാത്ത് ചൊല്ലുക. സാധാരണ നമസ്കാരത്തിൽ تَشَهُّد ന്റെ ശേഷം ചൊല്ലുന്ന സ്വലാത്ത് നിങ്ങൾ ഗ്രഹിച്ചിട്ടുണ്ടല്ലോ. ആ സ്വലാത്ത് ചൊല്ലുന്നതാണ് ഉത്തമം.

5. മൂന്നാമത്തെ തക്ബീറിന്റെ ശേഷം മയ്യിത്തിന് വേണ്ടി പ്രാർഥിക്കുക.

6. നാലാമത്തെ തക്ബീറിന്റെ ശേഷം സലാം ചൊല്ലുക.

السلام عليكم ورحمة الله وبركاته എന്നു ചൊല്ലുന്നത് ഉത്തമമാകുന്നു.

മൂന്നാമത്തെ തക്ബീറിനുശേഷം മയ്യിത്തിനു വേണ്ടി പ്രാർഥിക്കണമെന്നു പറഞ്ഞുവല്ലോ. ഈ വിഷയകമായി നബിയിൽനിന്ന് രേഖപ്പെടു

ത്തിയിട്ടുള്ള ഒരു പ്രാർഥന ചുവടെ ചേർക്കുന്നു.

اللَّهُمَّ اغْفِرْ لَهُ وَارْحَمْهُ وَاعْفُ عَنْهُ وَعَافِهِ وَأَكْرِمْ نُزُلَهُ وَوَسِّعْ مَدْخَلَهُ وَاغْسِلْهُ
بِالْمَاءِ وَالثَّلْجِ وَالْبَرَدِ وَنَقِّهِ مِنَ الْخَطَايَا كَمَا يُنَقَّى الثَّوْبُ الْأَبْيَضُ مِنَ الدَّنَسِ
وَأَبْدِلْهُ دَارًا خَيْرًا مِنْ دَارِهِ وَأَهْلاً خَيْرًا مِنْ أَهْلِهِ وَزَوْجًا خَيْرًا مِنْ زَوْجِهِ وادْخِلْهُ
الْجَنَّةَ واعِذْهُ مِنْ عَذَابِ الْقَبْرِ وَمِنْ عَذَابِ النَّار

مِنَ الْخَطَايَا

| | |
|---|---|
| അല്ലാഹുവേ! | اللَّهُمَّ |
| ഇദ്ദേഹത്തിന്(ഈ മയ്യിത്തിന്) നീ പൊറുത്തുകൊടുക്കേണമേ! | اغْفِرْ لَهُ |
| ഇദ്ദേഹത്തിനു നീ കരുണ ചെയ്യേണമേ! | وَارْحَمْهُ |
| ഇദ്ദേഹത്തിനു നീ വിട്ടുവീഴ്ച ചെയ്യേണമേ! | وَاعْفُ عَنْهُ |
| ഇദ്ദേഹത്തിനു നീ സൗഖ്യം നല്കേണമേ | وَعَافِهِ |
| ഇദ്ദേഹത്തെ ആദരപൂർവം സൽക്കരിക്കേണമേ! | وَأَكْرِمْ نُزُلَهُ |
| ഇദ്ദേഹത്തിന്റെ പ്രവേശനസ്ഥലം വിശാലപ്പെടുത്തേണമേ! | وَوَسِّعْ مَدْخَلَهُ |
| ഇദ്ദേഹത്തെ കഴുകി ശുദ്ധിയാക്കേണമേ! | وَاغْسِلْهُ |
| വെള്ളംകൊണ്ട് | بِالْمَاءِ |
| മഞ്ഞുവെള്ളം കൊണ്ടും | |
| ആലിപ്പഴം കൊണ്ടും | وَالْبَرَدِ |
| നീ ഇദ്ദേഹത്തെ ശുദ്ധിയാക്കേണമേ! | وَنَقِّهِ |
| തെറ്റുകളിൽനിന്ന് | |
| അഴുക്കിൽനിന്ന് വെള്ളവസ്ത്രം ശുദ്ധിയാക്കുന്നതുപോലെ. | كَمَا يُنَقَّى الثَّوْبُ الْأَبْيَضُ مِنَ الدَّنَسِ |
| ഇദ്ദേഹത്തിനു നീ പകരം നല്കേണമേ! | وَأَبْدِلْهُ |
| ഇദ്ദേഹത്തിന്റെ (ഇഹത്തിലെ) വീടിനെക്കാൾ ഉത്തമമായ ഒരു ഭവനം | دَارًا خَيْرًا مِنْ دَارِهِ |
| ഇദ്ദേഹത്തിന്റെ (ഇഹത്തിലെ) കുടുംബത്തേക്കാൾ ഉത്തമമായ കുടുംബത്തെയും | وَأَهْلاً خَيْرًا مِنْ أَهْلِهِ |
| ഇഹത്തിലെ സഖിയെക്കാൾ ഉത്തമയായ സഖിയെയും | وَزَوْجًا خَيْرًا مِنْ زَوْجِهِ |

وادْخِلْهُ الْجَنَّةَ — നീ ഇദ്ദേഹത്തെ സ്വർഗത്തിൽ പ്രവേശിപ്പിക്കേണമേ!

وَاَعِذْهُ مِنْ عَذَابِ الْقَبْرِ وَمِنْ عَذَابِ النَّار — ഖബ്റിലെ ശിക്ഷയിൽനിന്നും നരകശിക്ഷയിൽനിന്നും ഇദ്ദേഹത്തെ രക്ഷപ്പെടുത്തേണമേ

നാലാമത്തെ തക്ബീറിനുശേഷം സലാം ചൊല്ലുന്നതിനു മുമ്പായി താഴെ ചേർക്കുന്ന പ്രാർഥന സുന്നത്താകുന്നു:

اللَّهُمَّ لاَ تُحَرِّمْنَا أَجْرَهُ وَلاَ تَفْتِنَّا بَعْدَهُ واغْفِرْ لَنَا وَلَهُ

اللَّهُمَّ — അല്ലാഹുവേ!

لاَ تُحَرِّمْنَا أَجْرَهُ — ഇദ്ദേഹത്തിന് വേണ്ടി പ്രാർഥിച്ചതിന്റെ പ്രതിഫലം ഞങ്ങൾക്ക് നീ തരാതിരിക്കരുതേ!

وَلاَ تَفْتِنَّا بَعْدَهُ — ഇദ്ദേഹത്തിനു ശേഷം ഞങ്ങളെ നീ പരീക്ഷണത്തിൽ ആക്കരുതേ!

واغْفِرْ لَنَا وَلَهُ — ഞങ്ങൾക്കും ഇദ്ദേഹത്തിനും നീ പൊറുത്തു തരേണമേ!